പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 745 | 14-10-2026-ൽ മറുപടിയ്ക്ക്

<u>ഭൂരഹിത -ഭവനരഹിത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പദ്ധതി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. ഷിബു തെക്കുംപുറം

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

<u>**മറുപടി:**</u> സംസ്ഥാനത്തെ ഭവന രഹിതരായ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സുരക്ഷിതമായ ഭവനം ഉറപ്പാക്കുന്നതിനുള്ള തനത് ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** ലൈഫ് മിഷൻ പോലെ നിലവിലുള്ള ഭവന പദ്ധതികൾ പ്രസ്തുത വിഭാഗങ്ങളുടെ ഭവന സാക്ഷാത്ക്കാരത്തിന് ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ പദ്ധതികളുടെ പോരായ്മകൾ കൂടി കണക്കിലെടുത്ത് പുതിയ പദ്ധതി രൂപീകരിക്കാൻ ശ്രദ്ധ ചെലുത്തുമോ; വ്യക്തമാക്കുമോ;

<u>**മറുപടി:**</u> ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ അർഹരായ പല ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന തനത് ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗരേഖ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ ഭൂരഹിതർക്കും ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമ നിർമാണം ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ നിയമനിർമാണത്തിന് തയാറാകുമോ?

<u>**മറുപടി:**</u> നിലവിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിലുള്ള ഭൂരഹിതർക്കാണ് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുവരുന്നത്. പ്രസ്തുത പദ്ധതി വകുപ്പ് മുഖേന നേരിട്ട് നടപ്പാക്കുന്നത് സർക്കാർ പരിശോധിച്ച് വരുന്നു.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാൻ്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നുണ്ട്. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു.

**സെക്ഷൻ ഓഫീസർ**